# പതിമൂന്നാം കേരള നിയമസഭ
## പതിമൂന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ :2807 20.03.2015-ൽ മറുപടി

## ആറന്മുള വിമാനത്താവള നിർമ്മാണം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.ഇ.പി.ജയരാജൻ<br>ശ്രീ.രാജു എബ്രഹാം<br>ശ്രീ.പി.കെ.ഗുരുദാസൻ<br>ശ്രീ.സി.കെ.സദാശിവൻ | ശ്രീ.അടൂർ പ്രകാശ്<br>(റവന്യൂവും കയറും വകുപ്പ് മന്ത്രി) |

| | | |
|---|---|---|
| (എ) | ആറന്മുള വിമാനത്താവള നിർമ്മാണത്തിനായി സർക്കാർ പുറമ്പോക്ക് ഭൂമിയും മിച്ചഭൂമിയും ഉൾപ്പെട്ട പ്രദേശം കെ.ജി.എസ്. ഗ്രൂപ്പിന് കൈമാറുന്നതിന് തീരുമാനിച്ചിട്ടുണ്ടോ; | ഇല്ല. ആറന്മുള വിമാനത്താവള നിർമ്മാണത്തിനായി പതിച്ച് നൽകണമെന്നാവശ്യപ്പെട്ടിരിക്കുന്ന സർക്കാർ പുറമ്പോക്ക് ഭൂമി അധികവും തോട് പുറമ്പോക്കിൽ ഉൾപ്പെട്ടതിനാൽ 1994-ലെ കേരള പഞ്ചായത്ത് രാജ് ആക്ടിലെ 218-ാം വകുപ്പ് പ്രകാരം പതിച്ച് നൽകാവുന്നതല്ലെന്ന് കെ.ജി.എസ് ഗ്രൂപ്പ് എക്സിക്യൂട്ടീവ് ഡയറക്ടറെ അറിയിച്ചിട്ടുണ്ട്. കെ.ജി.എസ് ഗ്രൂപ്പിന്റെ കൈവശത്തിലുള്ള മിച്ചഭൂമിക്ക് ഇളവ് അനുവദിക്കുന്നത് സംബന്ധിച്ച വിഷയം സർക്കാർ റവന്യൂ (എൻ) വകുപ്പിൽ പരിശോധിച്ച് വരുന്നു. |
| (ബി) | ഇതിനായി മന്ത്രിമാരും ഉയർന്ന ഉദ്യോഗസ്ഥരും അടങ്ങുന്ന സമിതി യോഗം ചേർന്ന് തീരുമാനങ്ങൾ എടുത്തിട്ടുണ്ടോ; വിശദമാക്കാമോ; | റവന്യൂ വകുപ്പിൽ നിന്നും ഭൂമി കൈമാറുന്നത് സംബന്ധിച്ച വിഷയത്തിൽ ഉന്നതതല യോഗം വിളിച്ച് ചേർത്തിട്ടില്ല. എന്നാൽ 20.11.2013-ൽ ഗതാഗത വകുപ്പിൽ ഇതു സംബന്ധിച്ച് യോഗം ചേർന്നിട്ടുണ്ട്. |
| (സി) | വിമാനത്താവള നിർമ്മാണത്തിനായി കമ്പനി അനധികൃതമായി മണ്ണിട്ട് നികത്തിയ തണ്ണീർത്തടങ്ങളും തോടുകളും ചാലുകളുമെല്ലാം പൂർവ്വസ്ഥിതിയിലാക്കണമെന്ന ഹൈക്കോടതി വിധി വന്നത് എന്നാണ് ; | WP(C) No.6519/2014 എന്ന കേസിൽ 16.06.2014-ലാണ് ഹൈക്കോടതി വിധി വന്നത്. |
| (ഡി) | പ്രസ്തുത ഹൈക്കോടതി വിധി നടപ്പാക്കിയിട്ടില്ലെങ്കിൽ കാരണം വ്യക്തമാക്കാമോ; | നടപ്പിലാക്കിയിട്ടില്ല. പ്രസ്തുത പുറമ്പോക്ക് തോട്ടിൽ നിന്നും മണ്ണ് എടുത്ത് മാറ്റുന്നതിനുള്ള പ്രായോഗിക ബുദ്ധിമുട്ടുകൾ പരിഹരിച്ചിട്ടില്ലാത്തതിനാലാണ് ഹൈക്കോടതി വിധി ഇതുവരെ നടപ്പിലാക്കുവാൻ കഴിയാതെ വന്നിട്ടുള്ളത് എന്ന് കാണുന്നു. |

| | | |
|---|---|---|
| (ഇ) | ജലസ്രോതസ്സുകളും നീർച്ചാലുകളും എല്ലാം അടങ്ങുന്ന സ്ഥലം മണ്ണിട്ട് നികത്തിയത് വഴിയുണ്ടായിട്ടുള്ള പരിസ്ഥിതികാഘാതം തിരിച്ചറിഞ്ഞ്, കോടതി വിധി നടപ്പാക്കുന്നതിനും സർക്കാർ ഭൂമി സംരക്ഷിക്കുന്നതിനും അടിയന്തര നടപടി സ്വീകരിക്കുമോ? | നടപടി സ്വീകരിച്ചു വരുന്നു. |

C.L.V. Kumar
സെക്ഷൻ ഓഫീസർ